"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പജപവവിവ - കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പട്ടികജാതി വികസന ഫണ്ട് വിനിയോഗിച്ച് പേരൂർക്കടയിൽ നിർമ്മിച്ച കെട്ടിടം- പട്ടികവർഗ്ഗ വികസനവകുപ്പിനു കീഴിൽ വാടകയ്ക്ക് പ്രവർത്തിപ്പിക്കുന്നത് - വാടക നിശ്ചയിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.715/2024/SCSTD    തീയതി,തിരുവനന്തപുരം, 24-08-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം.136/2024/പജപവവിവ, തീയതി:13.03.2024

2. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 20.05.2024, 01.08.2024 തീയതികളിലെ STDD/867/2023-D2 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ആസ്ഥാന ആഫീസിനോട് ചേർന്നുള്ള ഫെഡറേഷൻ വക 40 സെൻറ് സ്ഥലത്ത് പട്ടികജാതി വികസനവകുപ്പിന്റെ ധനസഹായം ഉപയോഗിച്ച് നിർമിച്ചിട്ടുള്ള പി.കെ.റോസി വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ വാടകയ്ക്ക് ഉപയോഗിക്കുന്നതിന് വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടു നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. എല്ലാ അത്യാധുനിക സൗകര്യങ്ങളോടു കൂടിയതും, 16,500 സ്ക്വയർഫീറ്റ് വിസ്തീർണ്ണവുമുള്ള കെട്ടിടത്തിന് ചതുരശ്ര അടിക്ക് 10/- രൂപ നിരക്കിൽ 1,65,000/- രൂപയും ഫർണിച്ചറുകൾക്ക് 35,000/- രൂപയും ചേർത്ത് ആകെ 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) പ്രതിമാസ വാടക ഇനത്തിൽ ഫെഡറേഷന് അനുവദിച്ച് നൽകണമെന്ന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

3. കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നതിനായി ഫെഡറേഷൻ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതിലേക്ക് പട്ടികവർഗ്ഗ വികസനവകുപ്പ് 21.06.2024-ൽ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നതായും, പ്രസ്തുത കമ്മിറ്റി ഹോസ്റ്റൽ

കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും, SCST ഫെഡറേഷൻ ആവശ്യപ്പെട്ട 1,50,000+GST എന്ന തുകയ്ക്ക് പകരം 1,25,000/- + GST എന്ന നിരക്കിൽ വാടക അനുവദിച്ച് നൽകാമെന്നും, പ്രസ്തുത കെട്ടിടത്തിന് PWD നിശ്ചയിക്കുന്ന വാടക ഈ നിരക്കിനേക്കാൾ കുറവാണെങ്കിൽ അധികമായി നൽകിയ തുക ക്രമീകരിക്കാമെന്ന വ്യവസ്ഥയിൽ വാടക നിശ്ചയിക്കുവാൻ തീരുമാനിക്കുകയും ചെയ്തതായും, പട്ടികവർഗ്ഗ വികസനവകുപ്പിന് അനുവദിച്ച ഹോസ്റ്റലിന്റെ വാടക മേൽ പരാമർശിച്ച പ്രകാരം അനുവദിച്ച് ഉത്തവാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പേരൂർക്കടയിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ വാടക 25.06.2024 തീയതിയിൽ ചേർന്ന കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രതിമാസം 1,25,000/- +GST എന്ന നിരക്കിൽ നിശ്ചയിച്ചുകൊണ്ടും, PWD നിശ്ചയിക്കുന്ന വാടക തുക ഈ നിരക്കിനേക്കാൾ കുറവാണെങ്കിൽ അധികമായി നൽകിയ തുക തുടർന്നുള്ള വാടകയിനത്തിൽ ക്രമീകരിക്കണമെന്ന വ്യവസ്ഥയിലും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസനവകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sreeja J K
Date: 25-08-2024 20:43:42

പകർപ്പ് :-

ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്